Mangalam

## Nilgris Roopak Masala on South Indian Markets

Date: 28-10-2009 | Edition: Kochi | Page: 4 | Source: Bureau | Clip size (cm): W: 13 H: 12



# നീൽഗിരീസ് രൂപക് മസാല ശ്രേണി ദക്ഷിണേന്ത്യൻ വിപണിയിൽ




വടക്കേ ഇന്ത്യൻ വിഭവങ്ങൾക്കുള്ള റെഡി ടു കുക്ക് പ്രീ മിക്സ്ഡ് മസാലകളുടെ ശ്രേണിയിൽ പ്രശസ്തമായ ദൽഹിയിലെ രൂപക് മസാല ഇനി ദക്ഷിണേന്ത്യയിലും.

ബാംഗ്ലൂർ, ചെന്നൈ, കോയമ്പത്തൂർ, ഹൈദരാബാദ്, കൊച്ചി എന്നിവിടങ്ങളിലേതടക്കമുള്ള നീൽഗിരീസ് സ്റ്റോറുകൾ വഴിയാണ് രൂപക് മസാല ലഭ്യമാവുക. ദക്ഷിണേന്ത്യൻ വിപണിയിൽ സാന്നിധ്യം വ്യാപകമാക്കുന്നതിന് റീട്ടെയ്ൽ വിപണനരംഗത്തെ പ്രമുഖ ബ്രാൻഡായ നീൽഗിരീസുമായി രൂപക് മസാല കൈ കോർക്കുകയായിരുന്നു.

അനുപമമായ രുചിക്കൂട്ടുകളുടെ അഞ്ച് പതിറ്റാണ്ടിന്റെ പാരമ്പര്യമാണ് രൂപക് മസാലക്കുള്ളത്. നൂറോളം റെഡി ടു മിക്സ് മസാലകൾ രൂപക് ശ്രേണിയിലുണ്ട്. പ്രത്യേകം തെരഞ്ഞെടുത്ത ഘടകങ്ങൾ രുചിയും മണവും നഷ്ടമാകാത്ത രീതിയിൽ ചേർത്ത് പരമ്പരാഗതരീതിയിലാണ് മസാല തയാറാക്കുന്നത്.

വടക്കേ ഇന്ത്യൻ വിഭവങ്ങളായ ദാൽ മഖാനി, ബട്ടർ ചിക്കൻ, പഞ്ചാബി ചോലെ തുടങ്ങിയവയുടെ രുചി അനുപമമാക്കുന്നതിന് ഘടകങ്ങളുടെ കൃത്യമായ മിശ്രണമാണ് രൂപക് മസാലയിലുള്ളത്.

ദാൽ മഖാനി, ബട്ടര് ചിക്കൻ, പഞ്ചാബി ചോലെ, കഡൈ പനീർ, മീറ്റ് മസാല എന്നിവക്കുള്ള മസാലകളും ലസ്സി, പഴച്ചാറുകൾ, ഷിഖഞ്ജി എന്നിവക്കുള്ള സുഗന്ധവ്യഞ്ജനങ്ങളും വിവിധ തരം ചോറുകൾക്കും സാലഡുകൾക്കുമുള്ള മസാലകളും രൂപക് ശ്രേണിയിലുണ്ട്. 100 ഗ്രാം പാക്കറ്റിന്റെ വില 65 – 75 രൂപ നിരക്കിലാണ്.